2018 ഏപ്രിൽ 24

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

prd.kerala.gov.in

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, മലപ്പുറം

diomlpm@gmail.com

## ഭക്ഷ്യ സുരക്ഷാ ലൈസൻസ് മേള

കൊണ്ടോട്ടി ഭക്ഷ്യസുരക്ഷാ സർക്കിൾ പരിധിയിലെ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ എടുക്കേണ്ട വ്യാപാര സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ / ലൈസൻസ് എടുക്കുന്നതിനുവേണ്ട ഭക്ഷ്യ സുരക്ഷാമേള ഇന്ന് (ഏപ്രിൽ 25) രാവിലെ 10 മുതൽ വൈകീട്ട് നാല് വരെ കൊണ്ടോട്ടി യിൽ നടക്കും. രാവിലെ 10 മുതൽ ഉച്ചക്ക് ഒന്നു വരെ വ്യാപാരഭവനിലും ഉച്ചക്ക് രണ്ടു മുതൽ നാല് വരെ ഏ-വൺ ഓഡിറ്റോറിയത്തിലുമാണ് മേള നടക്കുക. രജിസ്ട്രേഷൻ എടുത്തിട്ടി ല്ലാത്ത വ്യാപാര സ്ഥാപനത്തിന്റെ ഉടമകൾ മേളയിൽ പങ്കെടുത്ത് രജിസ്ട്രേഷൻ പൂർത്തി യാക്കി നിയമ നടപടികളിൽ നിന്ന് ഒഴിവാകണമെന്ന് ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസർ അറിയിച്ചു. ഫോൺ - 9072627304.

(എം.പി.എം.959/2018)

## കുടുംബശ്രീ ജില്ലാ കലോത്സവത്തിന് തുടക്കം

കുടുംബശ്രീ ജില്ലാ കലോത്സവം- അരങ്ങ് 2018-ന് മലപ്പുറം ഗവൺമെന്റ് കോളേജിൽ തുടക്കമായി. പി. ഉബൈദുല്ല എം.എൽ.എ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.പി ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു.

നാലുവേദികളിലായി നടക്കുന്ന കലോത്സവം ഇന്ന് (ഏപ്രിൽ 25) സമാപിക്കും. ജില്ലയിലെ 110 ഓളം സി.ഡി.എസ് യൂണിറ്റുകളിൽ നിന്നുള്ള കടുംബശ്രീ അംഗങ്ങളും കുടുംബാംഗങ്ങളുമാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. പഞ്ചായത്ത് തലത്തിലും അതിനു ശേഷം നടന്ന ക്ലസ്റ്റർ തലത്തിലും വിജയിച്ച 600 ഓളം കലാപ്രതിഭകൾ ജില്ലാ കലോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്. ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 35ഓളം ഇനങ്ങളിലാണ് മത്സരം. മത്സരത്തിൽ വിജയിക്കുന്നവർക്ക് സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാം. മെയ് നാല്, അഞ്ച് ആറ് ദിവസങ്ങളിലായി എടപ്പാളിലാണ് സംസ്ഥാന കലോത്സവം നടക്കുക. കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ സി.കെ ഹേമലത, മലപ്പുറം നഗരസഭാ ചെയർപേഴ്സൺ സി.എച്ച് ജമീല ടീച്ചർ, നഗരസഭാ കൗൺസിലർ മുഹമ്മദ് കുട്ടി,

കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ കെ.എസ് അസ്കർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

(എം.പി.എം.960/2018)

## കോഡൂരിൽ മാലിന്യങ്ങൾ തൂത്തുവാരാൻ ഇനി ഹരിതകർമ്മ സേന

ഉറവിടത്തിൽ നിന്ന് തന്നെ മാലിന്യ സംസ്കരണം എന്ന സർക്കാർ പദ്ധതിയുടെ ഭാഗമായി മാലിന്യ മുക്ത കേരളത്തിനായി ഹരിതകർമ്മ സേനക്ക് പരിശീലനം. ഹരിത കേരളം മിഷനും കുടുംബശ്രീയും സംയുക്തമായി കോഡൂർ ഗ്രാമപഞ്ചായത്തിലുള്ളവർക്കാണ് പരിശീലന ക്യാമ്പ് സംഘടിപ്പിച്ചത്. ജൈവ, അജൈവ മാലിന്യങ്ങളെ സംസ്കരിക്കുന്നതിന് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കോഡൂർ ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിൽ നിന്ന് രണ്ട് പേർ വീതമാണ് ക്യാമ്പിൽ പങ്കെടുത്തത്. കോഡൂർ പഞ്ചായത്ത് പ്രസിഡന്റ് സി.പി ഷാജി പരിപാടി ഉദ്ഘാടനം ചെയ്തു.

മാലിന്യം കത്തിക്കുന്നതും വലിച്ചെറിയുന്നതും ശിക്ഷാർഹമാണ് എന്ന സർക്കാർ നിയമത്തെ മാനിക്കണമെന്നും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ആഘോഷാചരണങ്ങൾ നടത്തണമെന്നും ഹരിത കർമ്മ സേന ഗ്രീൻ ടെക്നീഷ്യന്മാരായി പ്രവർത്തിക്കണമെന്നും ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.രാജു പറഞ്ഞു. ജില്ലാ ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ ഒ.ജ്യോതിഷ്, എസ്.ആർ.പി പി.ബാബുരാജ്, മെമ്പർ സെക്രട്ടറി കെ. പ്രഭാകരൻ, കുടുംബശ്രീ ആർ.പി സീന, സി.ഡി.എസ് വൈസ് ചെയർ പേഴ്സൺ ജുബി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

(എം.പി.എം.961/2018)

## ട്രസ്റ്റി നിയമനത്തിന് അപേക്ഷിക്കാം

ഇരിമ്പിളിയം ശ്രീവൈലശ്ശേരി ശിവക്ഷേത്രം, ശ്രീവേമണ്ണക്ഷേത്രം, എടയൂർ ശ്രീപൂക്കാട്ടിയൂർ മഹാദേവക്ഷേത്രം, എടയൂർ ഋഷിപുത്തൂർ ക്ഷേത്രം, ഊരകം വില്ലേജിലെ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം എന്നിവിടങ്ങളിലേക്ക് പാരമ്പര്യേതര ട്രസ്റ്റിമാരുടെ ഒഴിവിലേക്ക് ട്രസ്റ്റി നിയമനത്തിന് ഹിന്ദുമത ധർമ്മസ്ഥാപന നിയമ പ്രകാരം അർഹരായ തദ്ദേശവാസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ മെയ് 21ന് വൈകീട്ട് അഞ്ചിനകം തിരൂർ മിനി സിവിൽ സ്റ്റേഷനിലെ മലബാർ ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ ലഭിക്കണം. വിശദ വിവരങ്ങൾ ഓഫീസിൽ നിന്നും മഞ്ചേരി ഡിവിഷൻ ഇൻസ്പെക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും.

(എം.പി.എം.962/2018)

## പട്ടികജാതികാർക്ക് കൃഷിഭൂമി വായ്പാ പദ്ധതി

സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പുതിയ കൃഷിഭൂമി വായ്പാ പദ്ധതിയിൽ പരിഗണിക്കുന്നതിന് പട്ടികജാതിയിൽപ്പെട്ട അർഹരായ ഭൂരഹിതരായ കർഷക തൊഴിലാളികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അഞ്ച് ലക്ഷം രൂപയാണ് പദ്ധതി തുക. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ടവരും 21 നും 55നും ഇടയിൽ പ്രായമുള്ളവരുമായിരിക്കണം. കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 98,000 രൂപയിലും നഗര പ്രദേശ ങ്ങളിലുള്ളവർക്ക് 1,20,000 രൂപയിലും കവിയാൻ പാടില്ല. മൊത്തം പദ്ധതി തുകയിൽ 50,000 രൂപവരെ സബ്സിഡി ലഭിക്കും. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും ജില്ലാ പട്ടിക ജാതി വികസന ഓഫീസിൽ നിന്ന് ലഭിക്കും. അപേക്ഷ മെയ് 20ന് വൈകീട്ട് അഞ്ചിനകം ജില്ലാ ഓഫീസിൽ ലഭിക്കണം. ഫോൺ 0483 2731496.

(എം.പി.എം.963/2018)

## ഫിഷറീസ് ടെക്നിക്കൽ സ്കൂൾ പ്രവേശനം

ഫിഷറീസ് വകുപ്പിന് കീഴിൽ കൊയിലാണ്ടിയിൽ സ്ഥിതി ചെയ്യുന്ന ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഗേൾസ് ഹൈസ്കൂളിലെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. മത്സ്യതൊഴിലാളികളുടെ പെൺകുട്ടികൾക്കാണ് പ്രവേശനം നൽകുക. എട്ടാം ക്ലാസിലേക്ക് 40 കുട്ടികൾക്കാണ് പ്രവേശനം. അപേക്ഷാ ഫോറം സ്കൂളിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷ മെയ് ഏഴിനകം നൽകണം. ഫോൺ 0496 2630956

(എം.പി.എം.964/2018)

## ഗ്രാമീണ യുവതീ - യുവാക്കൾക്ക്
## സൗജന്യ തൊഴിൽ പരിശീലനവും തൊഴിലും

ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെട്ട 18 നും 35 നും ഇടയിൽ പ്രായമുള്ള 142 പേർക്ക് സൗജന്യ തൊഴിൽ പരിശീലനവും തൊഴിലും നൽകുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. കേന്ദ്ര സർക്കാറിന്റെ ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിൽ ജൻ ശിക്ഷൺ സൻസ്ഥാനാണ് പദ്ധതി നടപ്പിലാക്കുന്നത്. പരിശീലനം, പാഠപുസ്തകം, പഠന സാമഗ്രികൾ, യാത്രാബത്ത എന്നിവയെല്ലാം സൗജന്യമാണ്.

എസ് സി, എസ്ടി, ഒബിസി മറ്റു പിന്നോക്ക വിഭാഗക്കാർക്ക് മുൻഗണന ലഭിക്കുന്നതാ ണ്. ആയുർവേദ സ്പാ തെറാപ്പി (പ്ലസ് ടു), കുക്ക്-ജനറൽ (പ്ലസ് ടു), സെയിൽസ് കൺസൽട്ടന്റ്- റീട്ടെയിൽ ( ബിരുദം), ബേസിക് ഓട്ടോമോട്ടീവ് സർവ്വീസിംഗ് ടു വീലർ ആന്റ് ത്രീ വീലർ യോഗ്യത പ്ലസ് ടു .(ഐ ടി ഐ , ഡിപ്ലോമ ഉള്ളവർക്ക് മുൻഗണന ) , ബേസിക് കാർസർവ്വീസിംഗ് -റസിഡൻഷ്യൽ (ഐ ടി ഐ , ഡിപ്ലോമ ) തുടങ്ങിയവയാണ് കോഴ്സുകൾ.

**പരിശീലന കേന്ദ്രങ്ങൾ:**

ആയുർവേദ സ്പാ തെറാപ്പി(ആയുർ ഗ്രീൻ ഹോസ്പിറ്റൽ, എടപ്പാൾ)

കുക്ക് – ജനറൽ (അമൽ കോളേജ് , നിലമ്പൂർ)

സെയിൽസ് കൺസൽട്ടന്റ്- റീട്ടെയിൽ , ബേസിക് ഓട്ടോമോട്ടീവ് സർവ്വീസിംഗ് ടു വീലർ ആന്റ് ത്രീ വീലർ, ബേസിക് കാർസർവ്വീസിംഗ് -റസിഡൻഷ്യൽ (ജെ എസ് എസ് ട്രെയിനിംഗ് സെന്റർ, നിലമ്പൂർ)

അപേക്ഷകൾ കുടുംബശ്രീ സി ഡി എസ് മുഖേന ജെ എസ് എസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. . കൂടുതൽ വിവരങ്ങൾക്ക് 04931 221979, 9746938700, 8304935854, എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

(എം.പി.എം.965/2018)

## വിഷയാധിഷ്ഠിത ഐ.സി.ടി പരിശീലനങ്ങൾ പുനക്രമീകരിച്ചു

ഹൈസ്കൂൾ വിഭാഗത്തിന്റെ വിഷയാധിഷ്ഠിത ഐ.സി.ടി പരിശീലന ദിവസങ്ങൾ പുനഃക്രമീകരിച്ചതായി ജില്ലാ കോർഡിനേറ്റർ അറിയിച്ചു. നേരത്തെ അറിയിച്ചിരുന്ന ഏപ്രിൽ 26 ന് തുടങ്ങേണ്ടിയിരുന്ന ബാച്ചുകൾ ഏപ്രിൽ 30ന് മാത്രമേ ആരംഭിക്കുകയുള്ളൂ. നേരത്തെ അറിയിച്ച സെന്ററുകൾക്കോ അവയിലെ വിഷയങ്ങൾക്കോ മാറ്റങ്ങളുണ്ടായിരിക്കുകയില്ല എന്നാൽ ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങൾ ഏപ്രിൽ 26 ന് തന്നെ ആരംഭിക്കും. ഒന്നാം ബാച്ച് തി ഏപ്രിൽ 30 നും രണ്ടാം ബാച്ച് മെയ് അഞ്ചിനും മൂന്നാം ബാച്ച് മെയ് 10 നും നാലാം ബാച്ച് മെയ് 16 നും ആരംഭിക്കും.

(എം.പി.എം.966/2018)

## ചാലിയാർ ഗ്രാമ പഞ്ചായത്ത് വികസന കുതിപ്പിനൊരുങ്ങുന്നു

ജില്ലയിലെ ചാലിയാർ ഗ്രാമ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വൻകുതിപ്പിനൊരുങ്ങുന്നു. പി.വി. അബ്ദുൽ വഹാബ് എം.പി സൻസദ് ആദർശ് ഗ്രാമ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സാമൂഹിക സുരക്ഷാ പദ്ധതികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകി വിവിധ പദ്ധതികൾ നടപ്പാക്കുന്നത്.

**ആരോഗ്യ മേഖല:**

ക്യാൻസർ കിഡ്നി രോഗ നിർണ്ണയ ക്യാമ്പ്, പട്ടികവർഗ്ഗ കോളനികളെ ബന്ധിപ്പിച്ചുള്ള ടെലി മെഡിസിൻ പരിപാടി, ആദിവാസികൾക്ക് സിക്കിൾസെൽ അനീമിയ നിർണ്ണയ ക്യാമ്പും പ്രതിരോധം, രോഗ പ്രതിരോധ നടപടികൾ, ഇമ്മ്യൂണൈസേഷൻ എന്നിവയ്ക്ക് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ (ഐ.ഇ.സി) പി.എച്ച്.സി. സബ് സെന്ററുകളുടെ നവീകരണം, പി.എച്ച്.സിയിൽ പൊതു സാനിറ്റേഷൻ യൂണിറ്റ് നിർമ്മിക്കുക, ഭിന്നശേഷിക്കാർക്ക് ഫിസിയോ തെറാപ്പി നടത്തുന്നതിനു വേണ്ടിയുള്ള കെട്ടിടം, ഫിസിയോ തെറാപ്പിക്കുള്ള ഉപകരണങ്ങൾ,

പി.എച്ച്.സി യിൽ കമ്പ്യൂട്ടറും പ്രിന്ററും സ്കാനറും കൂടിയ സൗകര്യം, ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി, പി.എച്ച്.സി.യിൽ ഗ്ലൂക്കോസ് നൽകി കിടത്തുന്നതിന് ആവശ്യമായ കട്ടിൽ, വീൽചെയറുകൾ, ട്രെയ്നിംഗ് ലഭിച്ച ആശ വർക്കർമാർക്ക് ഷുഗർ, പ്രഷർ, കൊളസ്ട്രോൾ എന്നിവ പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ, എല്ലാ പി.എച്ച്.സി കളിലും ടൈൽസ് പതിക്കുക, വാളം തോട്ടിൽ ഹെൽത്ത് ഹബ്ബ്, സമ്പൂർണ്ണ യോഗ ഗ്രാമം, കിടത്തി ചികിത്സക്ക് ആവശ്യമായ കട്ടിലുകൾ, കിടക്കകൾ.

എസ്സ്.ടി കോളനികളിൽ ക്യാമ്പ് നടത്തുമ്പോൾ മരുന്നുകൾക്ക് ആവശ്യമായ ഫണ്ടുകൾ, ആയുർവ്വേദ ആശുപത്രിയിൽ പ്രഷർ, ഷുഗർ, കൊളസ്ട്രോൾ എന്നിവ പരിശോധിക്കുന്നതിനുള്ള അനലൈസറുകൾ, ഡിസ്പെൻസറിക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ, ഡിസ്പെൻസറിയിൽ മെഡിക്കൽ ക്യാമ്പ് നടത്തുവാൻ 100 കസേരകൾ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മുകളിൽ ഷീറ്റ്, മതിയായ മരുന്ന് ലഭ്യമാക്കൽ, ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ, മാസംതോറും മെഡിക്കൽ ക്യാമ്പ് നടത്തുവാനുള്ള ഫണ്ട്, ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾക്കുള്ള ഫണ്ട് ലഭ്യമാക്കുക.

### വിദ്യാഭ്യാസം:

എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് മുറികൾ, സോളാർ പ്ലാന്റുകൾ സ്ഥാപിക്കുക, എൽ. പി., യു.പി. സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകാനുള്ള നടപടി, ഇടിവെണ്ണ സെന്റ് തോമസ്സ് സ്കൂളിന് അടുക്കള നിർമ്മിച്ചു നൽകുക, എല്ലാ സ്കൂളുകളിലും വേസ്റ്റ് ബിൻ നൽകുക, എൽ.പി. സ്കൂളുകളിൽ ശിശുസൗഹൃദ ഫർണിച്ചറുകൾ നൽകുക, പിങ്ക് ടോയ്ലറ്റുകൾ, എല്ലാ സ്കൂളുകളിലും ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് മുറികൾ ആക്കുക, കുട്ടികളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുള്ള സംവിധാനം, മൈലാടി സ്കൂളിന് കെട്ടിടം, എല്ലാ സ്കൂളുകളിലും ഊർജ്ജ സേവാ അടുപ്പുകൾ.

### വനിതാ ശാക്തീകരണം:

അയൽക്കൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കി വനിതകൾക്ക് വരുമാന മാർഗം സൃഷ്ടിക്കുന്നതിന് കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുക, തങ്ങൾക്കാവശ്യമായ പച്ചക്കറികൾ സ്വയം ഉൽപാദിപ്പിക്കാൻ പ്രാപ്തമാക്കുന്ന പദ്ധതി (അടുക്കള തോട്ടം)

### മൃഗസംരക്ഷണം:

മൃഗ സംരക്ഷണ മേഖലയിൽ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ചെറുകിട സംരഭകർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, ചെറുകിട സൂക്ഷ്മ സംരഭപദ്ധതി, യുവശ്രീ പദ്ധതി, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ, അയൽക്കൂട്ടപ്രദേശങ്ങളിലെ

കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കി വനിതകൾക്ക് വരുമാന മാർഗം സൃഷ്ടിക്കുന്നതിന് കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുക, തങ്ങൾക്കാവശ്യമായ പച്ചക്കറികൾ സ്വയം ഉൽപാദിപ്പിക്കാൻ പ്രാപ്തമാക്കുന്ന പദ്ധതി (അടുക്കള തോട്ടം), മൃഗ സംരക്ഷണ മേഖലയിൽ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ചെറുകിടസംരഭകർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, സ്ത്രീ ശാക്തീകരണ - സ്ത്രീപദവി സ്വയം പഠന പ്രക്രിയ.

### സ്വയം തൊഴിൽ പരിശീലനം:

18 നും 35 നും ഇടയിൽ പ്രായമുള്ള ദരിദ്ര കുടുംബത്തിലെ യുവജനങ്ങൾക്ക് ഡി.ഡി.യു.ജി.കെ.വൈ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ പരിശീലനം, പട്ടികവർഗ്ഗ കോള നി അയൽക്കൂട്ട ശാക്തീകരണ പദ്ധതി, സ്ത്രീസുരക്ഷ ബീമ യോജന ആശ്രയ - അഗതി രഹിത കേരളം, ചാലിയാർ ഗ്രാമപഞ്ചായത്തിലെ എസ്സ്.സി., എസ്സ്.ടി., കുടുംബങ്ങളുടെ ദൈനംദിന വരുമാനം ഉറപ്പുവരുത്തി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്ഥല സൗകര്യമുള്ള മുഴുവൻ കുടുംബങ്ങൾക്കും കറവപശു വിതരണം, ചാലിയാർ ഗ്രാമപഞ്ചായ ത്തിലെ എസ്സ്.ടി. കുടുംബങ്ങൾക്ക് 50 എണ്ണം ഒരു യൂണിറ്റായി കണക്കാക്കി മുട്ടക്കോഴിയും കൂടും.എസ്സ്.ടി. കോളനി ആടും കൂടും പദ്ധതി.

### അംഗനവാടി നവീകരണം:

ആറംകോട്, കോരംകോട്, പെരുമ്പത്തൂർ, പെരുവംപാടം എന്നീ സ്ഥലങ്ങളിൽ അംഗന വാടികൾക്ക് കെട്ടിടം, അംഗനവാടികളിൽ ശിശുസൗഹൃദ ശുചിമുറികൾ, എരഞ്ഞിമങ്ങാട് ഭിന്നശേഷിക്കാർക്ക് ഡെകെയർ സെന്റർ, അംഗനവാടി കെട്ടിടത്തിനു മുകളിൽ സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക, അംഗപരമിതർക്കുള്ള സഹായം, പഞ്ചായ ത്തിലെ എല്ലാ അംഗനവാടികളും ഹൈടെക്ക് ആക്കുക.

### കാർഷിക വികസനം:

എല്ലാ പാടശേഖരങ്ങളിലും സൗരോജ്ജ വേലി സ്ഥാപിക്കുക, മത്സ്യകൃഷി, കോഴികൃ ഷി, പച്ചക്കറിക്കൃഷി എന്നിവ സംയോജിപ്പിച്ച് കുന്നത്തുച്ചാലിൽ ഫാം കൃഷി ആരംഭിക്കുക, അഗ്രികൾച്ചർ ഇൻപുട്ട് സർവ്വീസ് സെന്റർ, ജൈവ പച്ചക്കറിക്കൃഷി വ്യാപനം കേര ഗ്രാമം പദ്ധതി കൃഷി ആധുനിക സാങ്കേതിക വിദ്യാ പരിശീലനം, സ്കൂൾ പച്ചക്കറിക്കൃഷി സുസ്ഥിര നെൽ കൃഷി വികസന പദ്ധതി.

### ജല സംരക്ഷണം:

ചാലിയാർ പുഴയ്ക്ക് , ചീനിക്കൽ, തണ്ടുങ്ങൽ, പെരുവമ്പാടം കടവ്, മൂലേപ്പാടം, പലക ത്തോട് എന്നിവിടങ്ങളിൽ ചെക്ക്ഡാം, കാഞ്ഞിരപ്പുഴയിൽ കാലിക്കടവ് പൂളപ്പൊട്ടി, ആഢ്യൻ പാറ താഴെ ചെക്ക്ഡാം, മൈലാടിയിൽ പൊതുകുളം, പെരുമുണ്ടയിൽ പൊതുകുളം വടക്കേ പെരുമുണ്ട കുളം നവീകരണം.

പഞ്ചായത്തിലെ ജലസേചന പ്രശ്നം പരിഹരിക്കാൻ കുറുവൻ പുഴയിലും കാഞ്ഞിരപ്പുഴയിലും സ്ഥായിയായ തടയണകൾ, കുറുവൻ പുഴയിലും അമ്പുമല പ്രദേശത്തും ആഢ്യൻപാറയിൽ കാഞ്ഞിരപ്പുഴയിൽ തടയണകൾ നിർമ്മിച്ച് കനാലു വഴിയിൽ ജലസേചനം സൗകര്യപ്പെടുത്തുക, സമഗ്ര കുടിവെള്ള പദ്ധതിനരിപ്പറമ്പ് എസ്സ്.ടി. കോളനി കുടിവെള്ള പദ്ധതി

പ്ലാക്കൽചോല കോളനിയിൽ കുടിവെള്ള പദ്ധതി, കളക്കുന്ന് കുടിവെള്ള പദ്ധതി, കോരംകോട് കുടിവെള്ള പദ്ധതിക്ക് കിണറുകൾ, ഇടിവെണ്ണ ഇലക്ട്രിക് ലൈൻ വ്യാപനം, ട്രാൻസ്ഫോമർ സ്ഥാപിക്കൽ

തെരുവ് വിളക്ക് ടൈലറിംഗ് പരിശീലനം ഭക്ഷ്യസംസ്ക്കരണ പരിശീലനം നൈപുണ്യ വികസനം, തൊഴിൽ മേള, എസ്സ്.സി. കോളനികളിൽ ഹൈമാസ്റ്റ്ലൈറ്റ്, കോളനികളിൽ കുടിവെള്ള പദ്ധതി സമ്പൂർണ്ണ പാർപ്പിട പദ്ധതി, മാലിന്യ സംസ്ക്കരണ സംവിധാനം ഇടിഞ്ഞ് പൊളിഞ്ഞതും, ദ്രവിച്ചതുമായ വീടുകളിൽ താമസിക്കുന്ന എസ്സ്.സി. കുടുംബങ്ങളെ അപകടത്തിൽനിന്നും ദുരന്തങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് പുതിയ വീട് നിർമ്മിക്കുകയോ വാസയോഗ്യമാക്കുകയോ ചെയ്യുക.

എസ്സ്.സി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പഠന മുറികൾ നിർമ്മാണം, ഇടിവെണ്ണ എൽ.പി. സ്കൂളിന്റെ സ്ഥലത്ത് പട്ടികവർഗ്ഗ ഹോസ്റ്റൽഇടിഞ്ഞ് പൊളിഞ്ഞതും, ദ്രവിച്ചതുമായ വീടുകളിൽ താമസിക്കുന്ന എസ്സ്.ടി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട്

എസ്സ്.സി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പഠന മുറികൾ നിർമ്മാണം.സായാഹ്ന സമയങ്ങളിൽ ക്ലാസ്സെടുക്കുന്ന ഫെസിലിറ്റേറ്റർമാരെ നിയമിക്കുക, മാലിന്യ സംസ്ക്കരണ സംവിധാനം. നിലവിലുള്ള ലൈബ്രറികളുടെ ശാക്തീകരണം, ഇ.ലൈബ്രറി, തുടർ വിദ്യാ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ പഞ്ചായത്തിൽ പൊതു കളിസ്ഥലം.

**സമഗ്ര ടൂറിസം പദ്ധതി:**

പലകത്തോട് വെള്ളച്ചാട്ടം ഉപയോഗപ്പെടുത്തി ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടി, കരിമ്പായികോട്ട പാറ ടൂറിസം പദ്ധതി, കുന്നത്തുച്ചാലിൽ ഫാം ടൂറിസം, ആഢ്യൻ പാറ പ്ലാക്കൽചോല മായിൻപള്ളി ഓഫ് റോഡ് ട്രക്കിംഗ്

പൊതുശുചിമുറി സംവിധാനം,ഹരിത കർമ്മസേന രൂപീകരണം, മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി അജൈവമാലിന്യ സംസ്ക്കരണ സംവിധാനം(റിസോഴ്സ് റിക്കവറി ഫെസിലിറ്റി), ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനം, ഗ്രാമ പഞ്ചായത്തിലെ എല്ലാ ഗവൺമെന്റ്

സ്ഥാപനങ്ങളിലും വെയ്സ്റ്റ് ബിൻ. പൊതു ശ്മശാനത്തിൽ ഗ്യാസ്ക്രിമറ്റോറിയം തുടങ്ങിയവ യാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ.

(ഫോട്ടോ സഹിതം)

(എം.പി.എം.967/2018)

## പ്രാഥമിക ആരോഗ്യകേന്ദ്രം ആസ്ഥാനമാക്കി രാജ്യത്തെ ആദ്യ ടെലി മെഡിസിൻ സംവിധാനം ചാലിയാർ പഞ്ചായത്തിൽ

രാജ്യത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആദ്യ ടെലി മെഡിസിൻ സംവിധാനം മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിൽ നിലവിൽ വരുന്നു. പി വി അബ്ദുൽ വഹാബ് എം പിയുടെ ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ ചെലവിട്ടാണ് പദ്ധതി യാഥാർഥ്യമാക്കുന്നത്. ആദർശ ഗ്രാമ പദ്ധതി പ്രകാരം എം പി ദത്തെടുത്ത ഗ്രാമമാണ് ചാലിയാർ. മൂന്നു മാസത്തിനകം ടെലിമെഡിസിൻ പദ്ധതി യാഥാർഥ്യമാക്കും.

36 ആദിവാസി കോളനികളുള്ള പഞ്ചായത്താണ് ചാലിയാർ. അവർക്ക് മികച്ച വൈദ്യസഹായം ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രം തലത്തിൽ ആദ്യമായാണ് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇത്തര ബൃഹത്തരമായൊരു പദ്ധതി നടപ്പാക്കുന്നത്.

ആദിവാസികൾ പലരും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലാണ് ചികിൽസ തേടുന്നത്. മികച്ച ആശുപത്രികളെ സമീപിക്കുകയോ, വിദഗ്ധ ഡോക്ടർമാരുടെ സേവനം തേടുകയോ സാധാരണ ഗതിയിൽ അവർ ചെയ്യാറില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ടെലി മെഡിസിൻ സംവിധാനം ഉപയോഗിച്ച് ഇവർക്ക് മികച്ച ചികിൽസ തേടാനാകും. വിദഗ്ധരായ ഡോക്ടർമാർക്ക് രോഗിയെ കണ്ട് രോഗ നിർണയം നടത്താനും സാധ്യമാകും. ഇതുമൂലം ആദിവാസി സമൂഹത്തിന്റെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിൽ വൻ കുതിച്ചു ചാട്ടം നടത്താനാകുമെന്ന് പി വി അബ്ദുൽ വഹാബ് എം പി പറഞ്ഞു.

ജില്ലാ ആരോഗ്യ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ ആശുപത്രി നിലമ്പൂർ, മഞ്ചേരി മെഡിക്കൽ കോളേജ്, കോഴിക്കോട് മിംസ് ആശുപത്രി എന്നിവിടങ്ങൽലെ ഡോക്ടർമാരാണ് രോഗികളെ ടെലിമെഡിസിൽ സംവിധാനം വഴി പരിശോധിക്കുക.

(എം.പി.എം.968/2018)

## യുവാവിന്റെ മരണം : ജില്ലാ പോലീസ് മേധാവി അന്വേഷിക്കാൻ പട്ടികജാതി – വർഗ കമ്മീഷന്റെ ഉത്തരവ്

പുളിക്കൽ സ്വദേശിയായ യുവാവിന്റെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷണം

നടത്താൻ ജില്ലാ പോലീസ് മേധാവിയോട് സംസ്ഥാന പട്ടികജാതി - വർഗ കമ്മീഷൻ ഉത്തരവിട്ടു. പുളിക്കൽ ചെറുകാവ് വെട്ടിക്കാവിലെ സത്യന്റെ മരണം സംബന്ധിച്ച് അന്വേഷണം നടത്താനാണ് കമ്മീഷൻ ഉത്തരവിട്ടത്. സത്യന്റെ സഹോദരി സുമതി നൽകിയ പരാതിയിലാണ് നടപടി. വീടനടുത്ത് ആളൊഴിഞ്ഞ പറമ്പിലാണ് സത്യന്റെ മൃതദേഹം കണ്ടത്. മരണത്തിൽ അസ്വാഭാവികതയുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് സഹോദരിയുടെ പരാതി.

മഞ്ചേരി മെഡിക്കൽ കോളേജിൽ ചികിത്സ ലഭിക്കാതെ അമ്മയും കുഞ്ഞും മരണപ്പെട്ടെന്ന പരാതിയിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടു. 2017 ലാണ് കേസിനാസ്പദമായ സംഭവം. സംഭവത്തിൽ മെഡിക്കൽ കോളേജ് സുപ്രണ്ടിനോടും ജില്ലാ മെഡിക്കൽ ഓഫീസറോടും കമ്മീഷൻ റിപ്പോർട്ട് തേടിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സമഗ്ര അന്വേഷണത്തിനായി സർക്കാരിനോട് ആവശ്യപ്പെട്ടത്.

എടവണ്ണ ബീമ്പുംകുഴി മുതുവാൻ കോളനിയിലെ കുടുംബങ്ങൾക്ക് പതിച്ച് നൽകിയ ഭൂമി തട്ടിയെടുത്തെന്ന പരാതി അന്വേഷിക്കാൻ ജില്ലാ കലക്ടോറോട് ആവശ്യപ്പെട്ടു. കോളനിയിലെ 30 കുടുംബങ്ങൾക്കായി പതിച്ച് നൽകിയ 125 ഏക്കർ ഭൂമി ചിലർ തട്ടിയെടുത്തെന്നായിരുന്നു പരാതി. 125 ഏക്കർ ഭൂമിയുണ്ടായിരുന്നത് അന്യാധീനപ്പെട്ട് നിലവിൽ 30 ഏക്കർ മാത്രമാണുള്ളതെന്നും പരാതിയിൽ പറയുന്നു. വനാവകാശ നിയമപ്രകാരം കോളനിവാസികൾക്ക് സർക്കാർ പതിച്ച് നൽകിയ ഭൂമിയാണിത്.

കരുവാരക്കുണ്ട് പുറ്റളക്കോടിൽ ജില്ലാ കലക്ടർ പതിച്ച് നൽകിയ ഭൂമി വനം വകുപ്പ് നൽകുന്നില്ലെന്ന പരായിലും അന്വേഷണം നടത്താൻ കമ്മീഷൻ ഉത്തരവിട്ടിട്ടുണ്ട്. 68 പരാതികളാണ് കമ്മീഷന് മുമ്പിൽ വന്നത്. ഇതിൽ 51 എണ്ണം തീർപ്പാക്കി. പുതിയ 35 പരാതികളും ലഭിച്ചു.

പട്ടികജാതി - ഗോത്രവർഗ കമ്മീഷൻ ചെയർമാൻ ബിഎസ് മാവോജി, അംഗങ്ങളായ എസ്. അജയകുമാർ, അഡ്വ. പികെ സിജ, എഡിഎം വി. രാമചന്ദ്രൻ എന്നിവർ സിറ്റിങിൽ പങ്കെടുത്തു.

(എം.പി.എം.969/2018)